കൗൺസിലിന് 735 ലക്ഷം രൂപയും യുവജന കലാലയത്തിന് 125 ലക്ഷം രൂപയും നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ 2003 ജൂലായിൽ സപ്ലിമെന്ററി ഡിമാന്റ്സിൽ 345 ലക്ഷം രൂപ അധിക കേന്ദ്ര സഹായമായി താഴെ പറയും പ്രകാരം തന്നിട്ടുണ്ട്. തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിന് സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിന് 100 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൊച്ചിയിൽ സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിന് 200 ലക്ഷം ഉറുപ്പികയും ആലപ്പുഴയിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് 25 ലക്ഷം ഉറുപ്പികയും കാസർഗോഡ് സ്റ്റേഡിയം നിർമ്മിക്കുന്നതിന് 25 ലക്ഷം ഉറുപ്പികയും കൊടുത്തിട്ടുണ്ട്. ശ്രീ. രാജു എബ്രഹാം പറഞ്ഞ ചിലകാര്യങ്ങൾ പ്രത്യേകം പരിഗണിക്കുന്നതാണ്. പല ഡിപ്പാർട്ടുമെന്റുകളിലും സ്പോർട്സ് രംഗത്തുള്ള ആളുകൾക്ക് പ്രവേശനം കൊടുക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കുന്നുണ്ട്. എക്സൈസ് ഡിപ്പാർട്ടുമെന്റിൽ കൊടുക്കണമെന്ന് ആലോചിച്ചിട്ടുണ്ട്. കൊടുക്കും. സ്പോർട്സ് രംഗത്ത് കൂടുതൽ പ്രോത്സാഹനം കൊടുക്കാവുന്ന വിധത്തിൽ ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് തീർച്ചയായിട്ടും ശ്രദ്ധയുണ്ടായിരിക്കുന്നതാണ്.

<u>ശ്രീ. രാജു എബ്രഹാം:</u> സ്പോർട്സ് മന്ത്രി പറഞ്ഞപ്പോൾ ഫോറസ്റ്റിൽ കൊടുക്കുന്ന കാര്യം പറഞ്ഞു. ഇപ്പോൾ ഇദ്ദേഹം എക്സൈസിൽ കൊടുക്കുന്നകാര്യം പറഞ്ഞു. ഓരോ മന്ത്രിമാരും പറഞ്ഞാൽ ഓരോ വകുപ്പിലും ജോലി കൊടുക്കുന്ന കാര്യം ഉറപ്പാകും. കായിക രംഗത്ത് നേരിടുന്ന പരിതാപകരമായ അവസ്ഥ പരിഗണിച്ച് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വകുപ്പുമന്ത്രിയേയും പ്രതിപക്ഷ നേതാവിനേയും സ്പോർട്സുമായി ബന്ധപ്പെടുന്ന ആളുകളെയും ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയും ആവശ്യമായിട്ടുള്ള നിയമനിർമ്മാണം നടത്തുന്ന കാര്യവും ഗൗരവമായി ആലോചിക്കുമോ?

<u>ശ്രീ. കെ. ശങ്കരനാരായണൻ:</u> ഇപ്പോൾ അതിനെക്കുറിച്ച് ആലോചിക്കുന്നില്ല.

(2) വിള ഇൻഷ്വറൻസ് പദ്ധതി

<u>ശ്രീ. കെ. സി. ജോസഫ്:</u> കേരളത്തിലെ കാർഷിക മേഖലയെ സംബന്ധിക്കുന്ന വിഷയം കഴിഞ്ഞ ദിവസം ചർച്ച ചെയ്യുകുണ്ടായി. ഏറ്റവും വലിയ പ്രയാസം നേരിടുന്ന മേഖലയാണ് കാർഷിക മേഖല ഇതിന് പ്രധാനപ്പെട്ട കാരണം കാർഷിക വിളയുടെ നാശനഷ്ടമാണ്. പ്രകൃതിക്ഷോഭം ഉണ്ടാകുമ്പോൾ വെള്ളപ്പൊക്കമാണെങ്കിലും വരൾച്ചയാണെങ്കിലും കോടിക്കണക്കിനു രൂപയുടെ നഷ്ടങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. സമ്പൂർണ്ണമായ ഇൻഷ്വറൻസ് ഇല്ലാത്ത കേരളത്തിലെ ഏക മേഖല കാർഷിക മേഖലയാണ്. മറ്റേത് മേഖലയിലും ഇൻഷ്വൻസ് കവറേജുണ്ട്. ഒരു വാഹനം വാങ്ങിച്ചാൽ അപകടമുണ്ടായാൽ ആ വാഹനത്തിന് പൈസ ഇപ്പോഴും കിട്ടും. തേർഡ് പാർട്ടി ഇൻഷ്വറൻസ് ഉണ്ട്. ഇന്ന് വിളകൾക്ക് നാശനഷ്ടം ഉണ്ടായാൽ കലാമിറ്റി ഫണ്ടിൽ നിന്ന് ഒരു നാമമാത്രമായ തുക, ആ വിളയുടെ നഷ്ടത്തിന്റെ ഒരു നേരിയ ശതമാനം മാത്രം നൽകുന്നു. ഇത് വലിയ പ്രയാസമുള്ള കാര്യമാണ്. വ്യാപകമായ ഇൻഷ്വറൻസ് കവറേജുള്ള നമ്മുടെ നാട്ടിൽ മറ്റു മേഖലകൾക്കുള്ള ഇൻഷ്വറൻസ് കവറേജും ആനുകൂല്യങ്ങളും കാർഷിക മേഖലയ്ക്കും വരിക്കണം. ഈ കാര്യം സംബന്ധിച്ച് സഭയിൽ പലവട്ടം ചർച്ച നടത്തിയതാണ്. 1990-ൽ തന്നെ എ.പി.സി. ചെയർമാനായി കമ്മിറ്റിയും വച്ചു. കമ്മിറ്റി റിപ്പോർട്ട് ഗവൺമെന്റിന്

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തു. പിന്നീട് ഗവൺമെന്റിൽ നിന്ന് നടപടി ഉണ്ടായില്ല. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറയുകയുണ്ടായി ലോക വ്യാപാര കരാറിന്റെ ഭാഗമായുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് ഇൻഷ്വറൻസ് കരാറിനുള്ള പ്രൊവിഷനും ഉണ്ടെന്ന്. ആ സാഹചര്യം കണക്കിലെടുത്തുകൊണ്ട് കേരളത്തിന്റെ കാർഷിക മേഖലയ്ക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾ പലപ്പോഴും വെള്ളപ്പൊക്കംമൂലം, വരൾച്ചമൂലം, പ്രകൃതി ക്ഷോഭങ്ങൾമൂലം, രോഗങ്ങൾ കൊണ്ട് നഷ്ടങ്ങൾ ഉണ്ടാകുമ്പോൾ, അതിന് ആവശ്യമായ, മതിയായ നഷ്ട പരിഹാരം കൊടുക്കാനുള്ള നടപടിയുണ്ടാകണം. ഇന്ന് ചില മേഖലകളിൽ കവറേജുണ്ട്. പലപ്പോഴും കർഷകർ പ്രീമിയം അടയ്ക്കാറില്ല. അതിന് ആവശ്യമായ ബോധവൽക്കരണം നൽകണം. ഇൻഷ്വറൻസ് കമ്പനികളുമായി ബന്ധപ്പെട്ടുകൊണ്ട് ഇന്നത്തെ സ്കീം കുറച്ചുകൂടി ഫലപ്രദമാക്കാൻ കർഷകർക്ക് ഇൻഷ്വറൻസിന്റെ പങ്കാളിത്തം ഉണ്ടാക്കാൻ അവരെക്കൊണ്ട് ഇൻഷ്വറൻസിന്റെ പോളിസി എടുപ്പിക്കാൻ സംവിധാനം ഉണ്ടാക്കണം. ഇന്ന് നാച്ചുറൽ കലാമിറ്റി ഫണ്ടിലേക്ക് വരിക്കുന്ന തുകയുടെ ഒരു പങ്കെങ്കിലും ഇൻഷ്വറൻസ് പ്രീമിയം ആക്കി മാറ്റി വയ്ക്കണം. ഈ വരിക്കുന്ന ഫണ്ട് ഒരു ശതമാനമെങ്കിലും മാറ്റിവയ്ക്കാൻ സാധിക്കുകയാണെങ്കിൽ ഇത് വലിയ സഹായമായി മാറുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ ഇൻഷ്വറൻസ് കവറേജ് ആനുകൂല്യം കാർഷിക മേഖലയ്ക്ക് ഉറപ്പാക്കത്തക്ക വിധത്തിൽ കേരളത്തിലെ കർഷകരെ രക്ഷിക്കാൻ നടപടിയുണ്ടാകണം. അതിന് ആവശ്യമായ സംവിധാനം ഉണ്ടാക്കാൻ കൃഷി വകുപ്പുമന്ത്രി മുൻകൈയെടുക്കണം.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, ഒരു തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിലാണ് മുമ്പ് കൃഷിക്കാർക്ക് ഇൻഷ്വറൻസ് പദ്ധതി പരിരക്ഷ നൽകിയത് സംബന്ധിച്ച് മെമ്പർ ഇവിടെ വിവരിച്ചത്. 1995-ൽ കേരളത്തിലെ കൃഷിക്കാർക്ക് നടപ്പാക്കിയ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിയ ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി എന്നീ രണ്ട് വിള ഇൻഷ്വറൻസ് പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കിവരുന്നു. ഇൻഷ്വറൻസ് പദ്ധതി മാത്രം അവിടെ നടക്കുന്നുള്ളൂ എന്ന് തെറ്റിദ്ധരിച്ചാണ് 1995-ൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതിയുടെ മെമ്പർ പറഞ്ഞതായിട്ടുള്ള ചർച്ചയും അതോടനുബന്ധിച്ചുള്ള മറ്റ് കാര്യങ്ങളും നടപ്പിലായില്ല എന്നു പറയുന്നതും. സംസ്ഥാന സർക്കാർ 25-1-95-ലെ ഉത്തരവു പ്രകാരം സംസ്ഥാന കാർഷിക വിള ഇൻഷ്വറൻസ് പ്രകാരം നടപ്പിലാക്കിയിരിക്കുന്നതിലൂടെ കേരളത്തിലെ പ്രധാന 25 കാർഷിക വിളകൾക്കാണ് ഇൻഷ്വറൻസിന്റെ പരിരക്ഷ നൽകിയിരിക്കുന്നത്. നെല്ല്, തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, ഇഞ്ചി, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയറുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, കിഴങ്ങ് വർഗ്ഗങ്ങൾ എന്നീ 26 ഐറ്റങ്ങൾക്ക് സംസ്ഥാന കാർഷിക ഇൻഷ്വറൻസ് പദ്ധതി. ഇന്ന് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി എന്നു പറഞ്ഞു നടപ്പിലാക്കി കൃഷിക്കാർക്ക് പരിരക്ഷ നൽകുന്നതിനുള്ള നടപടിയുണ്ട്. ഇത് നടപ്പിലാക്കാനാവശ്യമായിട്ടുള്ള നിലയിൽ ഒരു ലക്ഷം യുവജനങ്ങൾക്ക് തൊഴിൽ എന്നുള്ള ഒരു സ്കീമിൽ അംഗങ്ങളായിട്ടുള്ള യുവാക്കളെ ഓരോ പഞ്ചായത്തിലും ഏജന്റുമാരായി നിയമിച്ചിട്ടുണ്ട്. അവർക്ക് ആവശ്യമായിട്ടുള്ള പ്രചരണം നടത്താവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

1,22,000-ത്തോളം ആളുകൾ ഇന്ന് സംസ്ഥാന കൃഷി ഇൻഷ്വറൻസ് സ്കീമിൽ അംഗങ്ങളുമാണ്. ആ വിധത്തിലൊരു പരിപാടിയാണ് നടപ്പിലാക്കിയിരിക്കുന്നത്. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമികുലുക്കം, ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ, കാട്ടാന ശല്യം എന്നീ കാരണങ്ങളാൽ ഉണ്ടാകുന്ന വിളനാശത്തിന് ഈ പദ്ധതി പ്രകാരം നഷ്ടപരിഹാരം നൽകുന്നു. സ്വന്തമായോ പാട്ടത്തിനോ കൃഷിചെയ്യുന്ന കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാവുന്നതാണ്. ഈ പദ്ധതിയിൽ അംഗമാകുന്നവർക്കാണ് നഷ്ടപരിഹാരം കിട്ടുക. ഇത് സംസ്ഥാന തലത്തിലുള്ള വിള ഇൻഷ്വറൻസാണ്. നാശം സംഭവിച്ച് 3 ദിവസത്തിനകം നിർദ്ദിഷ്ട ഫോറത്തിൽ കൃഷിക്കാർ അപേക്ഷ നൽകണം. ആയത് 5 ദിവസത്തിനകം കൃഷി ഉദ്യോഗസ്ഥൻ പരിശോധിച്ച് നാശനഷ്ടം തിട്ടപ്പെടുത്തി പ്രിൻസിപ്പൽ കൃഷി ഓഫീസറെ അറിയിക്കണം. ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് 5000 രൂപ വരേയും ഡെപ്യൂട്ടി ഡയറക്ടർക്ക് 7500 രൂപ വരേയും പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് 25,000 രൂപ വരേയും കൃഷി ഡയറക്ടർക്ക് 1 ലക്ഷം രൂപ വരേയും നഷ്ടപരിഹാരം നൽകാം. അതിനുമുകളിലേക്കുള്ളത് ഒരു കമ്മിറ്റിയാണ് തീരുമാനിക്കുന്നത്. ആ കമ്മിറ്റിയുടെ സെക്രട്ടറി കൃഷി വകുപ്പു സെക്രട്ടറിയാണ്. കൃഷി വകുപ്പു സെക്രട്ടറി ആ വിധത്തിലുണ്ടായിട്ടുള്ള നഷ്ടം ഏറ്റവും വേഗത്തിൽ കൊടുക്കുന്നതാണ്. 1,22,282 പേർ ഇന്ന് അതിൽ അംഗങ്ങളാണ്. ഒന്ന്, ദേശീയ കാർഷിക....., അത് ആദ്യം തുടങ്ങിയത് നെൽകൃഷിക്കു മാത്രമാണ്. പിൽക്കാലത്ത് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ മുഖേനയാണ് നടപ്പിലാക്കിയത്. തുടക്കത്തിൽ നെല്ല് മാത്രമായിരുന്നു. തുടർന്ന് വാഴ, മരച്ചീനി എന്നിവയും പിന്നീട് 2003-ൽ ചർച്ചയും മറ്റുമൊക്കെ വന്നശേഷം മഞ്ഞൾ, ഇഞ്ചി, പൈനാപ്പിൾ എന്നീ 6 വിളകൾക്കും ഉണ്ട്. ഇനി കൂടുതൽ വിളകൾ നാണ്യവിളകളായതുകൊണ്ട് കൂടുതൽ വിളകൾക്ക് വ്യാപിപ്പിക്കാൻ ആവശ്യമായ ചർച്ച നടക്കുകയാണ്. ആ ചർച്ചകൾ നടന്ന് തീരുമാനമായാൽ രണ്ടുംകൂടി കൂട്ടിച്ചേർക്കാവുന്നതാണ്. ആ വിധത്തിലുള്ള ചർച്ച നടക്കുകയാണ്. ബാങ്കുകളിൽ നിന്നോ സഹകരണ സംഘങ്ങളിൽ നിന്നോ വായ്പ എടുത്ത എല്ലാ കർഷകരും ഈ പദ്ധതിയിൽ നിർബന്ധമായും അംഗങ്ങളാകേണ്ടതാണ്. അവരെ അംഗങ്ങളാക്കുന്നുമുണ്ട്. ലോൺ എടുത്തുകഴിഞ്ഞാൽ ബാങ്കും, കോ-ഓപ്പറേറ്റീവ് ബാങ്കുകളും അവരെ നിർബന്ധമായും ഈ ഇൻഷ്വറൻസ് സ്കീമിൽ ഒപ്പ് ഇടുവിച്ച് എടുക്കുന്നുണ്ട്. കർഷകർക്ക് സ്വന്തം ഇഷ്ടപ്രകാരം ജനറൽ ഇൻഷ്വറൻസ് കോർപ്പറേഷൻ മുഖേനയോ അല്ലാത്തവർക്ക് ബാങ്ക് മുഖേനയോ ഈ പദ്ധതിയിൽ അംഗങ്ങളാകാവുന്നതാണ്. പാട്ടകൃഷി ചെയ്യുന്ന കൃഷിക്കാർക്കും അതിൽ അംഗമാകാവുന്നതാണ്. സ്വഭാവികമായി ഉണ്ടാകുന്ന തീ, ഇടിമിന്നൽ, കൊടുങ്കാറ്റ്, ചുഴലിക്കാറ്റ്, ശക്തമായ പേമാരി, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, വരൾച്ച, രോഗം, കീടനാശിനി, മരണം ഇവകൾമൂലമുള്ള കൃഷി നാശത്തിന് ആനുകൂല്യം കിട്ടുന്നതാണ്. വിള സീസൺ കണക്കിലെടുത്ത് ഇൻഷ്വറൻസ് കമ്പനി നിശ്ചയിക്കുന്ന തോത് പ്രകാരം കൃഷിക്കാർ പ്രീമീയം അടയ്ക്കേണ്ടതാണ്. കാലാകാലം രണ്ടിനും അങ്ങനെ പ്രീമീയം നിശ്ചയിക്കുന്നു. ഇവിടെ സംസ്ഥാന ഗവൺമെന്റ് നിശ്ചയിക്കും, മറ്റേത് ഇൻഷ്വറൻസ് കമ്പനി നിശ്ചയിക്കുന്ന പ്രീമിയത്തിന്റെ അടിസ്ഥാനത്തിൽ പ്രീമിയം കൊടുത്താൽ അതിൽ

LIBRARY ARCHIVES Kerala Legislative Assembly

അംഗമാകാവുന്നതാണ്. പ്രിമീയത്തിന്റെ 20% സാധാരണ പാവപ്പെട്ട കർഷകർക്ക് സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും സബ്സിഡി നൽകും. കേരളത്തിൽ പദ്ധതി പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കി വരുന്നു. ക്രോപ്പ് കട്ടിംഗ് എക്സ്പീരിയൻസിന്റെ അടിസ്ഥാനത്തിൽ വിള നാശം തിട്ടപ്പെടുത്തുന്നു. ഇതിൽ ക്രോപ്പ്സ് കട്ടിംഗിന് Statistics റിപ്പോർട്ടിന് താമസം വരുന്നു. അത് വേഗമാക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. അതിന്റെ സ്കീം അനുസരിച്ച് കോമ്പൻസേഷനില്ലെങ്കിലും ഏതാണ്ട് കൃഷിക്കാർക്ക് കൊടുക്കാവുന്ന വിധത്തിൽ ഒരു കോമ്പൻസേഷൻ കൊടുക്കുന്നതിനുള്ള നടപടികൾ ഇന്ന് എടുത്തുവരുന്നുണ്ട്. വളരെ വലിയ തോതിലുള്ള നഷ്ടപരിഹാരം നൽകുന്നതിവേയ്ക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തുല്യപങ്കാളിത്തത്തോടെ പദ്ധതിയിൻകീഴിൽ ഒരു കോർപ്പസ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. അതിൽ നിന്ന് തുക പിൻവലിക്കുന്ന മുറയ്ക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആയത് തിരിച്ച് നിക്ഷേപിക്കുന്നതാണ്. ഇതുവരെ സംസ്ഥാന വിഹിതമായി 365.4 ലക്ഷം രൂപ ജനറൽ ഇൻഷ്വറൻസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. 2002 വരെ സംസ്ഥാന വിഹിതം നൽകുന്ന കാര്യം സർക്കാർ പരിഗണിച്ചു വരുന്നു. പദ്ധതി തുടങ്ങിയതുമുതൽ 2002 വരെ 90,305 കർഷകരെ അംഗമായി ചേർത്തിട്ടുണ്ട്. ഈ കാലയളവിൽ 15,383 കൃഷിക്കാർക്ക് 395.83 ലക്ഷം രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. 166.56 ലക്ഷം രൂപ പ്രീമിയം ഇനത്തിൽ ശേഖരിച്ചിട്ടുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം പ്രാധാന്യമുള്ള നാണ്യവിളകളേയും, വാർഷിക വിളകളായ, പെരണിയൽ ക്രോപ്സ്, തെങ്ങ്, റബ്ബർ, അടയ്ക്ക, കാപ്പി, തേയില, ഏലം മുതലായവ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. ക്രോപ്പ് ഇൻഷ്വറൻസ് നമ്മൾ വിചാരിക്കുന്ന എല്ലാ സമയത്തും പ്രചരണത്തിന്റെ ഭാഗമായിക്കൊണ്ടു മാത്രമേ കൃഷിക്കാർ ഉണരുകയുള്ളൂ. അതുകൊണ്ടാണ് സംസ്ഥാനതലത്തിൽ യുവജനങ്ങളെ നിയമിച്ചിട്ടുള്ള ഏജൻസികളെ ഉൾപ്പെടുത്തിയിരിക്കുന്നത്. പക്ഷേ രണ്ടു ഇൻഷ്വറൻസും കൂടി ഒന്നിച്ചായാൽ അതിനു വേണ്ടിയുള്ള നടപടി കൃഷി സംഘങ്ങൾകൂടി ഏറ്റെടുത്താൽ നമുക്ക് വ്യാപകമായി ഈ ഇൻഷ്വറൻസ് സ്കീമിൽ അംഗങ്ങളെ ചേർക്കാൻ കഴിയും. ആ വിധത്തിലുള്ള നടപടികൾ ഉണ്ടാകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ്: സർ, ജനസംഖ്യയുടെ 80% കൃഷിയെ ആശ്രയിക്കുന്ന കേരളത്തിൽ മന്ത്രി പറഞ്ഞത് ഒരു ലക്ഷം പേർക്കാണ് ഇൻഷ്വറൻസ് കവറേജ് ഇപ്പോൾ ഉള്ളത് എന്നാണ്. അതു തന്നെ വിരൽ ചൂണ്ടുന്നത് ഈ പദ്ധതി നല്ലൊരു പദ്ധതിയെന്നാണ്. അതുകൊണ്ട് ദയവായിട്ട് ഈ പദ്ധതിയിൽ കൃഷിക്കാരെ മുഴുവൻ അംഗങ്ങളാക്കാനുള്ള ശ്രമകരമായ സ്കീം പഞ്ചായത്തുകളും സഹകരണ സംഘങ്ങളും ആലോചിച്ചു നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സംസ്ഥാന ലെവലിലുള്ള കാര്യത്തിൽ ഇപ്പോൾ ഇതു മാത്രമാണുള്ളത്. മറ്റുള്ളതെല്ലാം ചെയ്യുന്നത് ദേശീയ തലത്തിൽ ഇന്ത്യാ ഗവൺമെന്റ് എടുക്കുന്ന ജനറൽ ഇൻഷ്വറൻസ് കമ്പനി എടുക്കുന്നതായിട്ടുള്ള സ്കീമാണ്. സംസ്ഥാന തലത്തിലും എങ്ങനെ കൂടുതൽ അംഗങ്ങളെ ചേർക്കാം എന്നുള്ളത് സംബന്ധിച്ച് ആരുമായിട്ടും ചർച്ച ചെയ്യാൻ ഈ ഗവൺമെന്റ് തയ്യാറാണ്.